# കൊറോണാനന്തര ലോക ക്രമം : സാധ്യതകളും ബാധ്യതകളും

*ഡോ. സൂരജ് ജോർജ് പിട്ടാപ്പിള്ളിൽ*

**soorajgeorge@hotmail.com**

"ഒരു ഭൂതം ലോകത്തെയാകെ ഗ്രസിച്ചിരിക്കുന്നു". എന്ന വാചകത്തോടെയാണ് 1848ൽ പ്രസിദ്ധീകൃതമായ കാൾ മാർക്സിന്റെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആരംഭിക്കുന്നത്. ആത്മീയശക്തികളും ഭൗതീക ശക്തികളും സഖ്യം ചേർന്ന് ഈ ഭൂതത്തെ (കമ്മ്യൂണിസം) ഉച്ഛാടനം ചെയ്യാനായി ഇറങ്ങിത്തിരിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് മാർക്സ് തുടരുന്നത്. യൂറോപ്പിന് പകരം ലോകത്തെയാകെ ഗ്രസിച്ചിരിക്കുന്ന കൊറോണ വൈറസ് എന്ന ഭൂതത്തെ ഉച്ഛാടനം ചെയ്യാൻ സർവ്വശക്തിയുമെടുത്ത് മനുഷ്യരാശി കിണഞ്ഞ് ശ്രമിക്കുന്നു. രാഷ്ട്രം എന്നത് വെറുമൊരു സാങ്കൽപ്പിക സമൂഹം (Imagined community) മാത്രമാണെന്ന ഐറീഷ് സാമൂഹ്യശാസ്ത്രജ്ഞൻ ബെനഡിക്ട് ആൻഡേഴ്സന്റെ വാക്കുകളെ ശരിവച്ചുകൊണ്ട് ദിക്കുകളേയും അതിരുകളേയും അപ്രസക്തമാക്കി ആഗോള പാസ്പോർട്ടുമായി കോവിഡ് 19 വൈറസ് താണ്ഡവമാടുമ്പോൾ ലോകം അക്ഷരാർത്ഥത്തിൽ നിശ്ചലമായിരിക്കുകയാണ്. സമാനതകളില്ലാത്ത ഈ പ്രതിസന്ധിക്കുമുന്നിൽ നാം പകച്ചുനിൽക്കുമ്പോൾ ഒരു കാര്യം മറക്കരുത്. 428 കോടി വർഷത്തെ ജീവന്റെ ചരിത്രത്തിലെ അവസാന 540 ദശലക്ഷം വർഷങ്ങൾക്കിടെ ധാരാളം മഹാനാശസംഭവങ്ങൾ (Mass Extinction events) അഭിമുഖീകരിച്ചവരാണ് നമ്മൾ. അവയിൽതന്നെ 95 ശതമാനത്തോളം ജന്തുജാതികൾ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായ മഹാനാശങ്ങളും മുമ്പുണ്ടായിട്ടുണ്ട്. 14-ാംനൂറ്റാണ്ടിൽ യുറോപ്യൻ ജനസംഖ്യയുടെ മൂന്നിലൊന്നിനെ ഭൂമുഖത്തു നിന്നും തുടച്ചുനീക്കിയ കരിമരണം (black death) എന്ന ബ്യൂബോണിക് പ്ലേഗിനേയും അതിജീവിച്ചവരാണ് നാം. അതിനാൽ കൊറോണയേയും നാം അതിജീവിക്കുകതന്നെ ചെയ്യും. ഈ കൊറോണയെ പ്രതിരോധിക്കാൻ നാം സ്വീകരിക്കുന്ന നിലപാടുകളും പ്രകടിപ്പിക്കുന്ന ഇച്ഛാശക്തിയുമാണ് ഇവിടെ നിർണ്ണായകം. കൊറോണാനന്തര കാലത്തെ ലോകക്രമത്തിന്റെ സാധ്യതകളും ബാധ്യതകളും ഇപ്പോൾ ചർച്ച ചെയ്യുന്നത് അപക്വമാകുമോ എന്ന സന്ദേഹം മനസിൽ വച്ചുകൊണ്ട് തന്നെ ലേഖ

കൻ അതിന് മുതിരുകയാണ്. കൊറോണ വ്യാപനം യൂറോപ്പിൽ ആരംഭിച്ച സമയത്ത് അവിടെ പര്യടനം നടത്താനായി ഇറങ്ങിത്തിരിച്ച് യാത്ര പാതിവഴിയിൽ ഉപേക്ഷിച്ച് തിരികെയെത്തി ക്വാറന്റയിനിൽ കഴിയുമ്പോഴാണ് ഞാൻ ഇത് എഴുതുന്നത്. നേരിട്ട് കണ്ടതും സുഹൃത്തുക്കൾ പങ്കുവെച്ചതുമായ അനുഭവങ്ങളാണ് ഈ എഴുത്തിന് ഊർജ്ജം പകരുന്നത്.

**പ്രതിസന്ധികളും സാധ്യതകളും**

ചൈനയിൽ നിന്നാരംഭിച്ച് ലോകമെമ്പാടും വ്യാപിക്കുന്ന കൊറോണ വൈറസ് ഏറ്റവും രൂക്ഷമായി ബാധിച്ചിരിക്കുന്നത് ഇപ്പോൾ പടിഞ്ഞാറൻ യൂറോപ്പിനെയും അമേരിക്കയെയുമാണ്. യൂറോപ്പിലെ സാമ്പത്തിക പവർഹൗസുകളായി അറിയപ്പെടുന്ന (Four motors of Europe) നാലു പ്രവിശ്യകളും (ഇറ്റലിയിലെ ലൊംബാർഡിയ, ഫ്രാൻസിലെ റോൺ ആൽപ്, സ്പെയിനിലെ കാറ്റലോണിയ, ജർമ്മനിയിലെ ബാഡൻ വ്യൂർട്ടൻബർഗ്) ഈ വൈറസിന്റെ ആക്രമണത്തിൽ തകർന്നിടിയുന്നതാണ് നാം കാണുന്നത്. ഈ തകർച്ചക്കൊപ്പം അമേരിക്കയുടെ തകർച്ച കൂടിച്ചേരുമ്പോൾ അത് ആഗോള സമ്പദ്വ്യവസ്ഥയിലേൽപ്പിക്കാൻപോകുന്ന പ്രത്യാഘാതം കണക്കുകൂട്ടലുകൾക്കതീതമായിരിക്കും. എങ്കിലും വലിയ പ്രതിസന്ധികളുടെ ഘട്ടത്തിലാണ് മാനവരാശി അനിതരസാധാരണമായ ഒത്തൊരുമയും ഉത്സാഹവും ശാസ്ത്രീയമുന്നേറ്റവും നടത്തിയിട്ടുള്ളത് എന്ന ചരിത്രം നാം മറക്കരുത്. അടിയന്തരഘട്ടങ്ങൾ അതിശയകരമായ കലകൾക്ക് ജന്മം കൊടുക്കുന്നു എന്ന് ഷേക്സ്പിയർ തന്റെ ടെംപസ്റ്റ് എന്ന നാടകത്തിൽ പറയുന്നുണ്ട്.

അടിയന്തരാവസ്ഥകളും കർഫ്യൂകളും പ്രഖ്യാപിച്ച് ലോകരാഷ്ട്രങ്ങൾ ഈ മഹാമാരിയെ പ്രതിരോധിക്കാൻ ഇറങ്ങിത്തിരിക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ നമ്മുടെ സാമൂഹ്യജീവിതത്തിന്റെ ജനിതകഘടനയിൽ വരുത്താൻപോകുന്ന മാറ്റങ്ങളെ ക്കുറിച്ച് നമുക്ക് അവബോധമുണ്ടാകണം. ഇന്നോളം വ്യക്തിസ്വാതന്ത്ര്യവും ജനാധിപത്യവും ഏറ്റവും വലിയ മൂല്യങ്ങളായി നെഞ്ചിലേറ്റിയ ജനസഞ്ചയങ്ങൾ പോലും സാമൂഹ്യപരീക്ഷണങ്ങൾക്കുള്ള ഗിനിപ്പന്നികളുടെ കൂട്ടമാകുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. നിരീക്ഷണത്തിനും ഒറ്റപ്പെടലിനും വിധേയരാകാൻ അധികാരകേന്ദ്രങ്ങൾ ആവശ്യപ്പെടുമ്പോൾ എതിർപ്പൊന്നും

കൂടാതെ ഭൂരിപക്ഷം ജനങ്ങളും അതിന് വിധേയരാകുന്നതാണ് നാം കാണുന്നത്. അതിനെ ഏകാധിപത്യപ്രവണത എന്നുവിളിച്ചാക്ഷേപിക്കുന്ന മാധ്യമസംവാദങ്ങളോ ദാർശനിക ചർച്ചകളോ നാം കാണുന്നില്ല. അല്ലാത്തപക്ഷം വർഷങ്ങൾ നീണ്ട ചർച്ചകൾക്കും സംവാദങ്ങൾക്കുമൊടുവിൽപോലും നടപ്പിൽ വരുത്താനാകാത്ത നിരീക്ഷണസംവിധാനത്തിന് ജനങ്ങളെ ഗവൺമെന്റുകൾ വിധേയരാക്കുകയും സ്വതന്ത്ര സംസാരവും അടിസ്ഥാന അവകാശങ്ങളും ഹനിക്കപ്പെടുകയും, അതിനുള്ള നിയമങ്ങൾ രായ്ക്കുരായ്മാനം പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ ജനങ്ങൾ പ്രതിധേഷമൊന്നുമുയർത്തുന്നുമില്ല. എന്തുകൊണ്ട്? ജനാധിപത്യരാജ്യങ്ങളിൽ നടപ്പാക്കാൻ കഴിയുമെന്ന് സ്വപ്നം കാണാൻപോലും പറ്റാതിരുന്ന ഈ നിയന്ത്രണങ്ങൾ ജനങ്ങൾ സർവ്വാത്മനാ സ്വീകരിക്കുന്നത് സാമൂഹ്യവീക്ഷണത്തിൽ പൊടുന്നനെ സംഭവിക്കുന്ന വ്യതിയാനം മൂലമാണ്.

ഒരു ജനാധിപത്യരാജ്യം ജനങ്ങളെ നിരീക്ഷിക്കുന്നതിന്റേയും (Surveillance) സാമുഹ്യചലനങ്ങളെ നിരീക്ഷണാത്മകതലത്തിലേക്ക് വിവർത്തനം ചെയ്യുന്ന തിന്റേയും (Informating) പൗരൻമാരെക്കുറിച്ചുള്ള അറിവ് ബിസിനസ് ആവശ്യങ്ങൾ ക്കായി പ്രയോജനപ്പെടുത്തുന്നതിന്റേയും സാംഗത്യത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്ന ഗ്രന്ഥമാണ് 2018 ൽ ഹാർവാർഡ് ബിസിനസ് സ്കൂൾ പ്രൊഫസറായ ഷോഷാന സുബോഫ് പ്രസിദ്ധീകരിച്ച The age of surveillance capitalism എന്ന ഗ്രന്ഥം. അധികാരം മനുഷ്യവകാശങ്ങളെ അട്ടിമറിക്കുന്ന വ്യവസ്ഥയാണിതെന്ന് (coup from above) സുസോഫ് അവകാശപ്പെടുന്നു. എന്നാൽ ഏതാനും മാസങ്ങൾ ക്കിപ്പുറം മനുഷ്യവകാശങ്ങളെക്കുറിച്ചുള്ള ചർച്ചകളെല്ലാം മാറ്റിവച്ച് ഇന്ന് ലോകം മുഴുവൻ നിരീക്ഷണത്തോടും ഏകാന്തതയോടും സഹകരിക്കുന്നു എന്നു മാത്രമല്ല, അത് ആവശ്യപ്പെടുകയും ചെയ്യുന്നു എന്നത് ആശ്ചര്യകരമാണ്. ഒന്നാം ലോകരാജ്യങ്ങളിൽ നിലനിന്നിരുന്ന ലിബറൽ ഹ്യൂമനിസ്റ്റ് സങ്കൽപ്പങ്ങളെ പൊളിച്ചെഴുതാൻ അദൃശ്യനായ ഒരു വൈറസിന് കഴിയുന്നു.

ദേശീയത, സാമ്രാജ്യത്വം, ഫാസിസം, സോഷ്യലിസം എന്നിവയുടെ തകർച്ചക്കുശേഷം ആധുനിക ലോകത്തെ, പ്രത്യേകിച്ച് 1990 കളുടെ ആരംഭം മുതൽ-

ഏറ്റവും സ്വാധീനിച്ചുപോന്ന മൂല്യങ്ങൾ ജനാധിപത്യം, മാനവികത, തുറന്ന വിപണി എന്നിവയാണ്. ഈ കാലഘട്ടത്തിൽ നടന്ന യുദ്ധങ്ങളും അധിനിവേശങ്ങളുമെല്ലാം തന്നെ ഈ മൂല്യങ്ങളുടെ സംരക്ഷണത്തിനെന്ന പേരിലായിരുന്നു എന്നത് മറക്കാനാവില്ല. ഭീകരതക്കെതിരായ പോരാട്ടം പോലും ഈ മൂല്യങ്ങളുടെ കുടക്കീഴിലായിരുന്നു. ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. എന്താണ് മാനവികത? മാനവികതയെന്നത് എല്ലാ സമൂഹങ്ങളിലും ഒരു പോലെയല്ല അനുഭവവേദ്യ മാകുന്നത്. ഈ പതിറ്റാണ്ടിൽ ആഗോള സാഹിത്യത്തിലെ തരംഗമായി മാറിയ യുവാൽ നോവ ഹരാരി മാനവിതകയുടെ മൂന്നു വകഭേദകങ്ങളെക്കുറിച്ച് പറയുന്നുണ്ട്. വ്യക്തിഗതമാനവികത (Liberal humanism), സാമുഹ്യ മാനവികത (Social humanism), പരിണാമാത്മക മാനവികത (Evolutionary humanism) എന്നിവയാണവ. വ്യക്തിയുടെ സ്വാതന്ത്ര്യത്തെ കേവലവും അലംഘനീയവുമായി കാണുന്ന യൂറോപ്യൻ, അമേരിക്കൻ സമൂഹങ്ങളിൽ കാണപ്പെടുന്നത് വ്യക്തിഗത മാനവികതയാണ്. എന്നാൽ സമൂഹത്തെ പരമപ്രധാനമായി കാണുകയും സാമൂഹ്യനന്മയെ അലംഘനീയമായി കണക്കാക്കുകയും ചെയ്യുന്ന സാമൂഹ്യ മാനവികത സോഷ്യലിസ്റ്റ് സമൂഹങ്ങളിൽ നിലനിൽക്കുന്നു. പരിണാത്മകമായ മാനവരാശിയുടെ ശോഭനമായ ജൈവിക ഭാവിയെ പരമപ്രധാനമായി കാണുന്ന പരിണാത്മക മാനവികത ശാസ്ത്ര/ദാർശനിക മേഖലകളിൽ വേരോട്ടം പ്രാപിച്ചിരിക്കുന്നു.

കൊറോണയുടെ വ്യാപനം, എന്നാൽ, ഈ സങ്കൽപ്പത്തെ കീഴ്മേൽ മറിച്ചു. വ്യക്തിഗത മാനവികത സാമൂഹ്യമാനവികതയ്ക്ക് വഴിമാറിക്കൊടുക്കുന്നതാണ് നാം കാണുന്നത്. ഇത്തരം അടിയന്തരാവസ്ഥകൾ സ്വകാര്യതയും അതിജീവനവും തമ്മിൽ തെരഞ്ഞെടുക്കുന്നതിനുള്ള അവസരമാണ് പൗരന്മാർക്ക് നൽകുന്നത്. ഈ തെരഞ്ഞെടുപ്പിൽ അതിജീവനം ജയിക്കുന്നു എന്നുറപ്പുവരുത്താൻ കാലദേശഭേദ മെന്യേ ജനങ്ങൾ ശ്രദ്ധാലുക്കളുമാണ്. എന്നവസാനിക്കുമെന്നറിയാത്ത ഒരു യുദ്ധത്തിലാണ് നാം എന്നതുകൊണ്ട് ഈ അടിയന്തരാവസ്ഥയുടെ അനിശ്ചിതത്വം നമ്മുടെ പതിവുകളെ തകിടം മറിച്ച് പുതിയ നിബന്ധനകളോട് പ്രതിപത്തി സൃഷ്ടിക്കാനും പര്യാപ്തമാകും. ഈ അടിയന്തരാവസ്ഥയിൽ ശീലിക്കുന്ന ചില

പതിവുകൾ കൊറോണാനന്തര ലോകത്തിലെ സാമുഹ്യക്രമത്തിന്റെ പ്രമാണങ്ങളിൽ ഇടം പിടിച്ചേക്കാം.

**ബൂമർമാരും മില്ലേനിയൽസും**

വ്യക്തിഗതമാനവികതയിൽനിന്ന് സാമൂഹ്യ മാനവികതയിലേക്ക് ചുവടുമാറാൻ പടിഞ്ഞാറൻ യൂറോപ്യൻ സമൂഹം താമസിച്ചതിന്റെ ഫലം കൂടിയാണ് അവിടുത്തെ നിയന്ത്രണാതീതമായ കൊറോണ ബാധ. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇറ്റലി. കൊറോണ പടർന്നുപിടിച്ച വടക്കൻ ഇറ്റലിയിലെ ഗ്രാമങ്ങൾ പലതും വിലക്കുകൾ ഏർപ്പെടുത്തിതുടങ്ങിയ സമയത്ത് ഇറ്റാലിയൻ ജനതയ്ക്ക് ആത്മവിശ്വാസം പകരാനെന്നപേരിൽ അവിടുത്തെ ഡെമോക്രാറ്റിക് പാർട്ടി നേതാവ് നിക്കോള സിംഗരെത്തി കൊറോണ വ്യാപനത്തിന്റെ കേന്ദ്രമായ മിലാനിലേക്ക് പോവുകയും ഇറ്റാലിയൻ ജനതയോട് തങ്ങളുടെ പതിവുകൾ വൈറസിനെ പേടിച്ച് ഉപേക്ഷിക്കേണ്ടതില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ജനകീയ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ഏതാനും ദിവസങ്ങൾക്കുള്ളിൽ രോഗബാധിതനാകുയും ചെയ്തു. ഈ വൈറസ് വ്യാപനത്തിന്റെ ഗൗരവം ഗൗനിക്കാതേയും തന്റെ സന്ദർശനം പൊതുസമൂഹത്തിന് നൽകിയേക്കാവുന്ന ദുർമാതൃക കണക്കിലെടുക്കാതേയും സിംഗരെത്തി സ്വീകരിച്ച നിരുത്തരവാദിത്വപരമായ ഈ നിലപാട് ആത്മഹത്യാ പരമായി എന്നുപറയാതെ വയ്യ.

രണ്ടാം ലോക മഹായുദ്ധം തുടങ്ങിയതിനുശേഷം, കൃത്യമായി പറഞ്ഞാൽ 1940കളുടെ തുടക്കം മുതൽ 1960 കളുടെ പകുതിവരെ പിറന്ന തലമുറ അറിയപ്പെടുന്നത് ബൂമേഴ്സ് (Baby Boomers) എന്നാണ്. 1965 മുതൽ 1980 വരെ പിറന്നവരെ MTv തലമുറയെന്നും, 1980കളുടെ തുടക്കം മുതൽ ഏതാണ്ട് മൂന്നാം സഹസ്രാബ്ദത്തിന്റെ തുടക്കം വരെയുള്ള കാലഘട്ടത്തിൽ ജനിച്ചവരെ മില്ലേനിയൽസ് (Millennials) എന്നും വിളിക്കുന്നു. ഈ കൊറോണ വ്യാപനഘട്ടം ബൂമേഴ്സും, മില്ലേനിയൽസും തമ്മിലുള്ള സാംസ്കാരിക സംഘട്ടനത്തിന്റെ കാലഘട്ടമായിരുന്നു. ‘‘കൊറോണ കിഴവന്മാരായ ബുമേഴ്സിനുള്ളതാണ്. ഞങ്ങൾ മില്ലേനിയൽസിനെ

അത് ബാധിക്കില്ല'' എന്ന് ഔദ്ധത്യത്തോടെ വിളിച്ചുപറഞ്ഞുകൊണ്ട് പൊരിച്ച മാംസവും ബിയറുമായി തെരുവുകൾ കീഴടക്കി കൊറോണ പാർട്ടികൾ നടത്തിയ യൂറോപ്യൻ യുവതലമുറ ഈ രോഗവ്യാപനത്തിന് വലിയ തോതിൽ വഴിതെളിച്ചിട്ടുണ്ട്. സാമൂഹ്യ മാനവികത വ്യക്തിഗതമാനവികതയെ മറികടക്കുന്ന സാഹചര്യങ്ങളുണ്ടെന്ന് ഈ തലമുറയെ മനസിലാക്കിക്കൊടുക്കുവാൻ രാഷ്ട്രീയ നേതൃത്വത്തിന് കൃത്യസമയത്ത് കഴിയാതിരുന്നത് സ്ഥിതി കൂടുതൽ വഷളാക്കി.

മതാത്മകതയിലും സാമാനതകളില്ലാത്ത മാറ്റങ്ങൾക്ക് കൊറോണ വ്യാപനം വഴിതെളിച്ചു. വ്യവസ്ഥാപിത മതങ്ങളുടെ സംഘടിതഘടനയ്ക്ക് അത്യന്താപേക്ഷിതമായ ആചാരനുഷ്ഠാനങ്ങൾ ഇരുമ്പുലയ്ക്കയല്ല എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും വൈറസിന് കഴിഞ്ഞു. പ്രകൃതിജന്യമായ വസ്തുക്കളും ശാരീരികമായ പ്രവൃത്തികളും വഴി പ്രകൃത്യാതീത ശക്തികളെ വരുതിയിൽ നിർത്താനോ അവയുടെ പ്രീതി പിടിച്ചുപറ്റാനോ മനുഷ്യൻ വികസിപ്പിച്ചെടുത്തവയാണ് ആചാരാനുഷ്ഠാനങ്ങൾ. തന്മൂലം അവ പരിണാമത്തിന് വിധേയവുമാണ്. കാലോചിതമായ പരിഷ്കാരം ഇവയിൽ വരുത്താൻ വിമുഖതകാണിച്ചവരുൾപ്പെടെ ഏവരും ഒറ്റരാത്രികൊണ്ട് തങ്ങളുടെ പതിവുകൾ ഉപേക്ഷിക്കേണ്ടിവന്നു. സംഘാതമായ ആരാധനയുടേയും അനുഷ്ഠാനങ്ങളുടേയും ദൈവശാസ്ത്രം രചിച്ചവർ ഒരു രാത്രി ഇരുണ്ട് വെളുത്തപ്പോഴേക്കും ഏകാന്തതയുടെ ദൈവശാസ്ത്രമെന്ന തലയിണയെ പുണരുന്നതാണ് കണ്ടത്. മതാത്മീകതയുടേയും ആചാനുഷ്ഠാനുങ്ങളുടേയും ആപേക്ഷികതയെപ്പറ്റിയുള്ള ബോധ്യപ്പെടൽ തീർച്ചയായും കൊറോണക്കുശേഷവും മാനവരാശിയെ സ്വാധീനിക്കുമെന്നതിൽ സംശയമില്ല. സാമൂഹ്യചടങ്ങുകൾക്കും ആൾക്കൂട്ടം അനിവാര്യമല്ലെന്ന് കൊറോണ തെളിയിച്ചു.

**ബാധ്യതകൾ**

ഈ കൊറോണക്കാലം മുഖ്യമായും രണ്ടുതരത്തിലുള്ള തെരഞ്ഞെടുപ്പുകൾക്കാണ് നമ്മെ പ്രേരിപ്പിക്കുന്നത്. സമഗ്രാധിപത്യത്തിന്റെ നിരീക്ഷണവും (totalitarian surveillance) പൗരശാക്തീകരണവും (Citizen empowerment) തമ്മിലുള്ള തെരഞ്ഞെടുപ്പാണ് ഒന്നാമത്തേത്. സാമൂഹ്യ രാഷ്ട്രീയ സമ്മർദ്ദങ്ങളൊന്നും കൂടാതെ അവശ്യഘട്ടങ്ങളിൽ ലിബറൽ ഹ്യൂമനിസത്തിനുപകരം സോഷ്യൽ ഹ്യൂമനിസത്തി

ലേക്ക് ചുവടുമാറാനുള്ള പക്വത നാം ആർജ്ജിക്കുമ്പോൾ പൗരശാക്തീകരണം അതിന്റെ ലക്ഷ്യം നേടുന്നു.

രണ്ടാമത്തേത് ദേശീയതയുടെ തടവറയും (National isolation) ആഗോള ഐകദാർഢ്യവും (Global solidarity) തമ്മിലുള്ള തെരഞ്ഞെടുപ്പാണ്. മേനി പറയാനെങ്കിലും ആഗോള ഐകദാർഢ്യത്തെക്കുറിച്ചും കരുതലിനെക്കുറിച്ചും വാതോരാതെ പ്രസംഗിച്ചിരുന്ന ലോകശക്തികൾ വക്രീകരിക്കപ്പെട്ട സത്യങ്ങളുടെ പിന്തുണയോടെ ആ ചുമതലയിൽ നിന്ന് പിന്നാക്കം പോകുന്നതാണ് 2016 ആണ്ടോടുകൂടി നാം കണ്ടത്. ആഗോള ഉത്തരവാദിത്വങ്ങൾ ചുമലിൽ നിന്നിറക്കി അമേരിക്കയെ വീണ്ടും മഹനീയമാക്കാൻ ഇറങ്ങിതിരിച്ച ട്രംപും, അഭയാർത്ഥികൾ എന്ന മാലിന്യത്തെ ഏറ്റെടുക്കാൻ മടിച്ചുകൊണ്ട് ബ്രെക്സിറ്റിന് വേണ്ടി വാദിച്ച ബ്രിട്ടനും, അതിനുവേണ്ടി പടച്ചുവിട്ട നുണകളും അർദ്ധസത്യങ്ങളും ചേർന്നാണ് നിജാനന്തരകാലഘട്ടം (post-truth) എന്ന പദത്തെ 2016ലെ ഓക്സ്ഫോർഡ് ഡിക്ഷണറിയുടെ ആ വർഷത്തെ പദമാക്കി (word of the year) മാറ്റിയത്. ആഗോളവ്യാപകമായി ഈ വൈറസിനെതിരെ മാനവരാശി പോരാടുമ്പോൾ മനുഷ്യരാശി നേടുന്ന പുതിയ അറിവുകളും നേട്ടങ്ങളും അന്താരഷ്ട്രസമൂഹം പൊതുവായി പങ്കുവെച്ചാൽ മാത്രമേ നമ്മുടെ ചെറുത്തുനിൽപ്പ് ഫലപ്രദമാകുകയുള്ളൂ. ഈ കടമയിൽനിന്ന് പിന്നാക്കം പോയ രാജ്യങ്ങൾക്കുപകരം ഈ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്ന രാജ്യങ്ങൾ ചിലപ്പോൾ ലോകനേതൃത്വത്തിലേക്ക് ഉയരുന്നതും കൊറോണാനന്തരലോകത്തിന്റെ സാമൂഹ്യക്രമത്തിൽ ദർശിക്കാനായേക്കും.

**ഉപസംഹാരം**

2011 ൽ പുറത്തിറങ്ങിയ സ്റ്റീവൻ സ്പിൽബർഗിന്റെ ‘Contagion’ എന്ന സിനിമ കൊറോണ പോലൊരു സാങ്കൽപ്പിക വൈറസിന്റെ വ്യാപനത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഒടുവിൽ വാക്സിൻ കണ്ടെത്തി ശുഭപര്യവസായിയായി ആ സിനിമ അവസാനിക്കുന്നതുപോലെ ഈ ദുരന്തവും ശുഭപര്യവസായിയായിതീരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം. യൂറോപ്പിനെ പിടിച്ചുകുലുക്കിയ പ്ലേഗിന്റെ പശ്ചാത്തലത്തിൽ തുറമുഖങ്ങളിൽ എത്തിച്ചേരുന്ന കപ്പലുകളിലെ യാത്രക്കാരെ നാൽപ്പതു (Quaranta)

ദിവസത്തേക്ക് ഒറ്റപ്പെടുത്തി നിരീക്ഷിച്ചുതുടങ്ങിയ പതിവിൽനിന്നാണ് ക്വാറന്റൈൻ എന്ന പദം ഉരുത്തിരിഞ്ഞത്. നാൽപ്പതു ദിവസത്തെ ഏകാന്തവാസത്തിലൂടേയും ഉപവാസത്തിലൂടേയും പ്രലോഭനങ്ങളെ അതിജീവിക്കാൻ ശക്തിനേടിയ ക്രിസ്തുവിനെക്കുറിച്ചുള്ള ബൈബിൾ പരമർശമാണ് ഈ പതിവിന് നിദാനമായത്. ക്വാറന്റൈൻ കാലഘട്ടം നമുക്കും വർദ്ധിതമായ ഇച്ഛാശക്തിയും മനുഷ്യരാശിയുടെ പൊതുനൻമയ്ക്കു വേണ്ടി പ്രവർത്തിക്കാനും നിലപാടുകളെടുക്കാനുമുള്ള പ്രചോദനവും നൽകട്ടെ.

1997 ൽ പ്രസിദ്ധീകൃതമായ വിശ്വപ്രസിദ്ധമായ ഗ്രന്ഥമാണ് യാരെദ് ഡയമണ്ടിന്റെ “Guns, Germs and Steel”. പടിഞ്ഞാറൻ ശക്തികൾ മറ്റു ഭൂഖണ്ഡങ്ങളെ കീഴടക്കിയത് ഞങ്ങളുടെ ആയുധങ്ങളിലൂടേയും (Guns) മിതോഷ്ണ കാലാവസ്ഥയിൽ അവർ അതിജീവിച്ച രോഗാണുക്കളിലൂടേയും (Germs) മികച്ച ഗതാഗത സൗകര്യത്തിലൂടേയും (Steel) ആണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. എന്നാൽ ഇന്ന് ധ്രുവ മേഖലകളിലും മിതോഷ്ണ, ട്രോപ്പിക്കൽ മേഖലകളിലും ഒരുപോലെ നാശം വിതച്ചുകൊണ്ട് ഒരു രോഗാണു ജൈത്രയാത്ര നടത്തുമ്പോൾ അധീശത്വത്തെക്കുറിച്ചും മോധാവിത്വക്കുറിച്ചുമുള്ള ചർച്ചകൾ അപ്രസക്തമാവുകയാണ്. അധീശത്വങ്ങളും മോധാവിത്വങ്ങളുമൊഴിഞ്ഞ അന്താരാഷ്ട്ര സഹവർത്തിത്വത്തിന്റെ ഒരു പുതിയ സാമുഹ്യക്രമത്തിന് കൊറോണ കാരണമാകട്ടെ. ഏണസ്റ്റ് ഹെമിംഗ്‌വേയുടെ നോവലിന്റെ തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ മരണമണി മുഴങ്ങുന്നതാർക്കുവേണ്ടിയെന്ന് (For whom the bell tolls) നാം അന്വേഷിക്കേണ്ട: അത് അമേരിക്കയ്ക്ക് വേണ്ടിയല്ല. യൂറോപ്പിനോ, ഏഷ്യക്കോ, ആഫ്രിക്കക്കോ വേണ്ടിയുമല്ല; അത് മുഴങ്ങുന്നത് മാനവരാശിക്ക് മുഴുവനും വേണ്ടിയാണ്. ഉയിർത്തെഴുന്നേൽപ്പിന്റെ മണി!